# മലങ്കരയിലെ സഭാ തർക്കങ്ങൾ: ചില യാഥാർത്ഥ്യങ്ങൾ



രാജീവ് വടശ്ശേരി

---

മലങ്കരയിലെ സഭാ തർക്കങ്ങൾ ചർച്ചാവിഷയമായിരിക്കുകയാണല്ലോ അതിനാൽ ചില യാഥാർത്യങ്ങളിലേക്ക് ഒരു എത്തി നോട്ടം ആവശ്യമാണെന്ന കരുതുന്നു. രാഷ്ട്രം എന്ന നിലയിൽഭാരതത്തിനും മലങ്കരയിലെ ക്രിസ്തീയ സഭകളും തമ്മിൽ വളരെ സാമ്യങ്ങൾ ഉണ്ട്, പ്രത്യേകിച്ചും സുറിയാനി സഭകൾക്ക്.

## *ഭാരതത്തിലെ പൗരത്വവും – സഭയിലെ അംഗത്വവും.*

രാജ്യത്തിലെ അടിസ്ഥാന ഘടകം വ്യക്തികളാണ് (പൗരന്മാർ). രാഷ്ട്രം എന്നത് കോടിക്കണക്കിനുള്ള പൗരന്മാർ ചേരുന്നതാണ്. അതുപോലെ തന്നെ എതു സഭയും വിശ്വാസികളായ അംഗങ്ങളുടെ കൂട്ടമാണ്. ബൈബിളിൽ സഭയിലെ അംഗങ്ങളെ ഒരു കെട്ടിടത്തിലെ കല്ലുകളോടും (എഫേസ്യർ 2:21) ശരീരത്തിലെ അവയവങ്ങളോടും ഉപമിച്ചിരിക്കുന്ന (1 കൊരിന്ത്യർ 12:12–27).

എന്നാൽ ഒരു വ്യക്തിക്ക് ഇഷ്ടമുള്ള രാജ്യത്തിലെ പൗരത്വം എടുക്കാം. ചൈനയിലെയോ പാകിസ്താനിലെയോ പൗരത്വം സ്വീകരിക്കാൻ എതു വ്യക്തിക്കും അവകാശമുണ്ട്. എന്നാൽ ഇപ്രകാരം പൗരത്വം എടുക്കുമ്പോൾ ഭാരതത്തിലെ പൗരത്വം സ്വയമേ നഷ്ടപ്പെടും അഥവാ ഈ വ്യക്തി ഭാരതത്തിലെ പൗരൻ അല്ലാതെ ആവും. എന്നാൽ പൗരത്വത്തിന് വീണ്ടും അപേക്ഷിക്കുവാനും, അത് അനുവദിച്ചാൽ വീണ്ടും പൗരന്മാർ ആകുവനും സാധിക്കും.

ഇപ്രകാരം തന്നെ സഭയിലെ എതൊരു അംഗത്തിനും ഇഷ്ടമുള്ള ഇതര സഭയിലെ അംഗത്വം എടുക്കുവനുള്ള അവകാശമുണ്ട് എന്നാൽ അപ്രകാരം അംഗത്വം എടുക്കുമ്പോൾ മാതൃ സഭയിലെ അംഗത്വം നഷ്ട്ടപ്പെടും. ഏന്നാൽ വീണ്ടും അംഗത്വത്തിന് അപേക്ഷിക്കുവാനും അംഗീകരിച്ചാൽ വീണ്ടും അംഗമാകുവാനും സാധിക്കും.

# സംസ്ഥാനങ്ങളും ഇടവകപ്പള്ളികളും

## പള്ളികൾ ഇടവകക്കാരുടേത്

കേരളവും കാഷ്മീരും പഞ്ചാബും അങ്ങിനെ നിരവധി സംസ്ഥാനങ്ങൾ ചേരുന്നതാണ് ഭാരതം. ഓരൊ സംസ്ഥാനവും ഭരിക്കുന്നത് അവിടുത്തെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരാണ്. ഈ അർഥത്തിൽ സംസ്ഥാനം അവിടെ വസിക്കുന്ന ജനങ്ങളുടേതാണ്.

ഇങ്ങനെ തന്നെ ഇടവകപ്പള്ളികളും അതിലെ ഇടവകക്കാരുടേതാണ്. സംസ്ഥാനം സംസ്ഥാന സർക്കാർ എന്നപോലെ ഓരോ പള്ളികളും ഭരിക്കുന്നത് ആ ഇടവകയിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ട്രസ്റ്റി, സെക്രട്ടറി, കമ്മറ്റി അംഗങ്ങൾ എന്നിവരടങ്ങുന്ന ഭരണ സമിതി ആണ്.

പള്ളികൾ ഇടവകയിലെ അംഗങ്ങളുടേത് ആണെന്നു പറഞ്ഞല്ലൊ എന്നാൽ സഭ മാറുമ്പോൾ ഇടവകയിലെ അംഗത്വവും നഷ്ടപ്പെടും. അതായത് ഇന്ത്യയിലെ പൗരത്വം ഉപേക്ഷിച്ച് മറ്റേതെങ്കിലും രാജ്യത്തെ പൗരത്വം സ്വീകരിക്കുന്ന ഒരു കേരളീയന് കേരള സംസ്ഥാനത്തിലെ പൗരത്വം സ്വമേധയാ നഷ്ടപ്പെടുന്നതുപോലെ. അല്ലായെങ്കിൽ പൗരോഹിത്യം ഇല്ലാത്ത പെന്തിക്കോസ്തു സഭകളിൽ പോകുന്നവർക്കും ഹിന്ദുവോ മുസൽമാനോ ആയി മതം മാറുന്നവർ ക്കും ഇടവകയിലെ അംഗത്വം നഷ്ടപ്പെടുന്നില്ല എന്നു വാദിക്കാം. ഇന്ത്യൻ പൗരത്വം നഷ്ടപ്പെടുന്ന ഒരു വ്യക്തിയുടെ കേരള സംസ്ഥാനത്തെ അംഗത്വം നഷ്ടപ്പെടുന്നില്ല എന്നു വാദിക്കുന്നതിനു തുല്ല്യമാണ് ഇത്. ഇങ്ങനെ നോക്കുമ്പോൾ പള്ളികൾ ഇടവകക്കാരുടേതാണെങ്കിലും അത് സഭാംഗങ്ങളായ ഇടവകക്കാരുടേതാണ്. അഥവാ സഭയുടെ അംഗത്വം ഉള്ളവർ മാത്രമേ ഇടവകക്കാരാവുന്നുള്ളൂ

## *സംസ്ഥാനങ്ങൾ രാജ്യത്തിലെ അവിഭാജ്യ ഘടകങ്ങൾ, അതുപോലെ പള്ളികളും (ഹിത പരിശോധന നടത്തുന്നത് ശരിയോ?)*

ഓരൊ സംസ്ഥാനവും രാജ്യത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. സംസ്ഥാനങ്ങളില്ലാതെ രാജ്യത്തിനും നിലനിൽപില്ല. കാഷ്മീരൊ കേരളമൊ എതു സംസ്ഥാനവും വിഘടിച്ചു പോയാൽ അതു രാജ്യത്തിന്റെ നിലനിൽപിനു തന്നെ ഭീഷണിയാവുകയും രാജ്യം ശിഥിലമാവുകയും ചെയ്യും. ആയതുകൊണ്ടു തന്നെ കേരളത്തിലെയോ കാഷ്മീരിലേയോ സർക്കാരിനോ ജനങ്ങൾക്കോ തങ്ങളുടെ സംസ്ഥാനം പാകിസ്ഥാനിലോ ചൈനയിലൊ ചേരുകയാണെന്നു തീരുമാനിക്കാൻ അധികാരമില്ല; അധവാ അങ്ങിനെ തീരുമാനിച്ചാലും അതിന് നിലനിൽപില്ല.

അതുപോലെ തന്നെ ഒരു ഇടവകപ്പള്ളിക്കും തങ്ങൾ മറ്റൊരു സഭയിൽ ചേരുകയാണെന്നു തീരുമാനിക്കാൻ അധികാരമില്ല അഥവാ അങ്ങിനെ തീരുമാനിച്ചാലും ആ തീരുമാനത്തിനു നിലനിൽപില്ല. ആങ്ങിനെയല്ല എന്നു വാദിച്ചാൽ അതു കേരളത്തിന് പാകിസ്താനിലോ ചൈനയിലോ ചേരുന്നതിന് അധികാരമുണ്ടെന്നു വാദിക്കുന്നതിനു സമാനമാണ്. അതു തെറ്റായ വാദമാണല്ലോ. ഇതിനാൽ തന്നെ തലയെണ്ണലൊ ഹിതപരിശോധനയോ നടത്തി ഏതു സഭയിൽ പള്ളി നിൽക്കണമെന്നു തീരുമാനിക്കുന്നതും തെറ്റാണ്. ഇതുകൊണ്ടു തന്നെയാണ് കാശ്മീരിൽ ഹിതപരിശോധനയെ ഭാരതസർക്കാർ അനുകൂലിക്കാത്തതും. ഹിതപരിശോധന വേണമെന്നു വാദിച്ചാൽ കാഷ്മീരിൽ ഹിതപരിശോധനയെ എതിർക്കുന്ന സർക്കാർ നടപടി തെറ്റാണെന്നു

വാദിക്കുന്നതിനു തുല്യമാണ്. എന്നാൽ ഇരു സഭകളും അംഗീകരിക്കുന്നു എങ്കിൽ സഭകൾ തമ്മിൽ യോജിക്കാമോ എന്ന കാര്യത്തിൽ ഹിത പരിശോധന നടത്തുന്നതിൽ തെറ്റില്ല.

## ഒരേ പള്ളിയിൽ രണ്ടു സഭകൾക്ക് വീതമാകാമോ?

സുഹൃത്തുക്കളായ രണ്ടു കുടുംബങ്ങൾ ഒരേ ഭവനത്തിൽ താമസിക്കുന്നതിനു തുല്യമാണ് ഒരേ പള്ളിയിൽ രണ്ടു സഭകൾ ആരാധന നടത്തുന്നതും പരസ്പരം സ്നേഹത്തിൽ ഉള്ളപ്പോൾ കുഴപ്പമില്ല (കേരളത്തിനു പുറത്ത് പലയിടത്തും ഇങ്ങിനെ നടക്കുന്നുണ്ട്). എന്നാൽ ഒരാൾക്ക് എന്തെങ്കിലും മുഷിച്ചിൽ തോന്നിയാൽ കാര്യം പ്രശ്നമായതു തന്നെ. അതുകൊണ്ടുതന്നെ ഒരു പള്ളിയിൽ ഒരു സഭ തന്നെയാണ് നല്ലത്. അതുകൊണ്ടു തന്നെ പള്ളി വീതം വയ്ക്കുന്നതിലും നല്ലത് ഒരു കൂട്ടർ അല്പം മാറി മറ്റൊരു പള്ളി നിർമ്മിക്കുന്നതാണ്. ഇതിന് മറുപക്ഷത്തിന്റെ സഹായം തേടുകയുമാവാം.

## *വ്യക്തിസ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും*

ഒരു രാജ്യത്തിലെ പൗരന് മറ്റൊരു രാജ്യത്തോട് താത്പര്യമുണ്ട് എന്നു പറഞ്ഞ് മൗലികാവകാശങ്ങളോ വ്യക്തിസ്വാതന്ത്ര്യമോ നിഷേധിക്കുവാൻ പാടില്ല.അതുപോലെ തന്നെ ഒരു പള്ളിയിലെ അംഗമായിരിക്കുന്ന വ്യക്തിക്ക് മറ്റൊരു സഭയോട് താത്പര്യമുണ്ട് എന്നു പറഞ്ഞ് ആരാധനാ സ്വാതന്ത്ര്യമോ കൂദാശകളോ നിഷേധിക്കുവാൻ സാധിക്കില്ല. ഇതിനെതിരായ നീക്കമുണ്ടായാൽ വേണ്ടി വന്നാൽ പൊലീസ് സംരക്ഷണം വരെ സ്വീകരിക്കുവാൻ സാധിക്കും.

എന്നാൽ ക്രിസ്തീയ സഭകളിൽ ഇതിനുമുപരിയായി ഒരു വ്യക്തിക്കും ഒരു പള്ളിയിലും ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കുവാൻ സാധിക്കില്ല. ഇവിടെ ജാതി, മതം, വർഗ്ഗം, വർണ്ണം തുടങ്ങിയ ഒരു പരിഗണനകളും പാടില്ല. കൂദാശകൾ സ്വീകരിക്കുന്നതിനു മാത്രം അക്രൈസ്തവർക്ക് അനുവാദമില്ല. ചുരുക്കത്തിൽ മറ്റു സഭയിലെ അംഗമാണ് എന്ന കാരണത്താൽ ഒരു പള്ളിയിലും അംഗങ്ങൾക്കോ അംഗങ്ങളല്ലാത്തവർക്കോ ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കുവാൻ സാധിക്കില്ല.

മറ്റൊന്നു കൂടി പറയട്ടെ ഓർത്തഡോക്സ് യാക്കോബായ സഭകൾ തമ്മിൽ കടുത്ത ഭിന്നതയുണ്ടെങ്കിലും ഇരു സഭകളിലേയും ബഹുഭൂരിപക്ഷം അംഗങ്ങളും ഈ സ്വാതന്ത്ര്യം വിനിയോഗിച്ച് എതിർ വിഭാഗത്തിന്റെ പള്ളികളിൽ വിശേഷാവസരങ്ങളിലെങ്കിലും ആരാധനയിൽ പങ്കെടുക്കുന്നവരാണ്.

## *സഭാ തർക്കം സമ്പത്തിനു വേണ്ടിയുള്ള കടിപിടിയോ?*

ചിലരെങ്കിലും സഭാ തർക്കത്തെ സമ്പത്തിനു വേണ്ടിയുള്ള കടിപിടിയായി കാണാറുണ്ട് എന്നാൽ യാഥാർത്ഥ്യം അതല്ല എന്നതാണ് സത്യം. ഭാരതത്തിന് അതിലെ സംസ്ഥാനങ്ങളില്ലാതെ നിലനില്പില്ല. അല്ലായിരുന്നു എങ്കിൽ പ്രശ്നങ്ങളുള്ള സംസ്ഥാനങ്ങളൊക്കെ ഒഴിവാക്കി അതില്ലാത്ത സംസ്ഥാനങ്ങൾ മാത്രം മതി നമ്മുടെ രാജ്യത്തിൽ എന്നു ചിന്തിക്കാമായിരുന്നു എന്നാൽ അതിലുള്ള അപകടം ഇപ്രകാരം ഓരോ സംസ്ഥാനങ്ങളും ഭാരതത്തിൽ നിന്നു സ്വതന്ത്രമാകണമെന്നു ചിന്തിച്ചാൽ രാജ്യത്തിന്റെ നിലനില്പു തന്നെ അപകടത്തിലാവും എന്നതാണ്

ഇടവകപ്പള്ളികളുടെ കാര്യത്തിൽ സഭകൾക്കും ഇതു തന്നെയാണ് പ്രശ്നം. പള്ളികൾ പോയാൽ സഭ തന്നെ ബലഹീനമാവുകയും ഭാവിയിൽ മറ്റു പള്ളികൾക്കും സ്വതന്ത്ര മാവണമെന്നോ മറ്റൊരു സഭയിൽ ചേരണമെന്നോ ചിന്തിക്കാമെന്ന നില വരികയും ചെയ്യും. ഇത് സഭയുടെ നിലനില്പു തന്നെ അപകടത്തിലാവുകയും സഭ ശിഥിലമാവുകയും ചെയ്യും.

ഒരു സംസ്ഥാനം ഒരു രാജ്യത്തിൽ നിന്നു മാറി മറ്റൊരു രാജ്യത്തിൽ ചേർന്നാൽ അതിലെ സമ്പത്തും സ്ഥലങ്ങളും മാത്രമല്ല അതിലുമുപരിയായി അവിടുത്തെ നിവാസികളും കൂടിയാണ് നഷ്ടപ്പെടുന്നത്. രാജ്യത്തിന്റെ ഏറ്റവും വിലമതിക്കാനാവാത്ത സമ്പത്ത് അതിലെ ജനങ്ങളാണല്ലോ? എത്ര സമ്പത്തുണ്ടെങ്കിലും ജനങ്ങളില്ലെങ്കിൽ ഒരു രാജ്യത്തിനും നിലനിൽക്കാനാവില്ല. അതു കൊണ്ടാണല്ലോ ജനസംഖ്യ കുറവുള്ള രാജ്യങ്ങൾ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നത്. അതുപോലെ തന്നെയാണ് പള്ളികളുടെ കാര്യത്തിൽ സഭകൾക്കും. വിശ്വാസികളില്ലാതെ നിലനില്പില്ല. ഒരു പള്ളി കിട്ടിയാൽ അതിലെ ഇടവകക്കാരെയും കൂടിയാണ് കിട്ടുന്നത്. സാധാരണ ഗതിയിൽ പള്ളി ഏതു സഭയുടെ കൈവശമായാലും വിശ്വാസികളിൽ ബഹു ഭൂരിപക്ഷവും അവിടെ തന്നെ നിലനില്ക്കും; വലിയ തീവ്രവാദമുള്ളവരൊഴികെ.

അതുകൊണ്ട് പള്ളികൾക്കു വേണ്ടിയുള്ള തർക്കങ്ങളും കേസ്സുകളും സഭയുടെ നിലനില്പിന്റെ പ്രശ്നമായതുകൊണ്ടാണ്; അല്ലാതെ സമ്പത്തിനു വേണ്ടിയുള്ള തർക്കമോ കടിപിടിയോ അല്ല എന്നതാണ് സത്യം.

## *പുതിയ സഭകൾക്ക് മാതൃ സഭയുടെ ആരാധനാലയങ്ങളിന്മേൽ അവകാശമുണ്ടോ?*

ഏതൊരു സഭയും ആരംഭിക്കുന്നത് മാതൃസഭയിൽ നിന്നും ഏതെങ്കിലും അഭിപ്രായ വ്യത്യാസത്താൽ വേർപിരിയുന്നതു മൂലമാണ്. ഓർത്തഡോക്സ്- യാക്കോബായാ സഭകളിൽ മാത്രമല്ല; ഇതിലുമധികം വേർപിരിയലുകൾ ഉണ്ടാവുന്നത് നവീകരണ സഭകളിൽ ആണ്. എന്നാൽ ഇപ്രകാരം വേർ പിരിഞ്ഞു പോകുമ്പോൾ പുതിയ ആരാധനാലയങ്ങൾ ഉണ്ടാക്കുകയാണ് അവർ ചെയ്യുന്നത്. ഓർത്തഡോക്സ്-യാക്കോബായാ സഭകൾക്കിടയിൽ മാത്രമാണ് ആരാധനാലയങ്ങളുടെ പേരിൽ പ്രശ്നം ഉള്ളത്.

ഏതെങ്കിലും ഒരു സഭയിൽ നിന്നും വേർ പിരിഞ്ഞാണ് പുതിയ ഒരു സഭ ഉണ്ടാവുന്നത് എന്നു പറഞ്ഞല്ലോ?. അത് സ്വാഭാവികമാണ് താനും. എന്നാൽ ഈ പുതിയ സഭയിൽ പ്രവേശനം മാതൃ സഭയിൽ നിന്നും മാറി വരുന്നവർക്കു മാത്രമല്ല, ഇതര സഭകളിൽ നിന്നും വരുന്നവർക്കും പുതുതായി ക്രൈസ്തവ മതം സ്വീകരിച്ച് ഈ സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്കുമൊക്കെ ഉണ്ട്.

അപ്പോൾ മാതൃ സഭയുടെ ആരാധനാലയങ്ങളിൽ പുതിയ സഭയ്ക്ക് അവകാശമുണ്ടെന്നു വാദിച്ചാൽ ഏതൊക്കെ സഭകളിൽ നിന്നും മാറി വരുന്നവർ ഈ സഭയിൽ ഉണ്ടോ ആ സഭകളുടെ എല്ലാം ആരാധനാലങ്ങളിൽ ഈ സഭയ്ക്ക് അവകാശമുണ്ടെന്നു വാദിക്കേണ്ടി വരും. അതു മാത്രമല്ല ഇതര മതങ്ങളിൽ നിന്നും മാറി വരുന്നവർ ഉണ്ടെങ്കിൽ ആ മതങ്ങളുടെ ഒക്കെ ആരാധനാലയങ്ങളിൽ അവകാശമുന്നയിക്കാം. **അല്ലായെങ്കിൽ ഈ സഭയുടെ ഭരണഘടനയിൽ, മാതൃ സഭയിൽ നിന്നും മാറി വരുന്നവർക്കു മാത്രമേ പ്രവേശനമുള്ളൂ എന്നു ചേർക്കേണ്ടി വരും.** ഇതൊന്നും പ്രായോഗികമായ കാര്യമല്ലല്ലോ? അപ്പോൾ പുതിയ സഭകൾക്ക് മറ്റു സഭകളുടെ

ആരാധനാലയങ്ങളിൽ അവകാശമില്ല എന്നതാണ് യാഥാർത്യം അല്ലങ്കിൽ നവീകരണ സഭകൾക്കും ഇതു ബാധകമാണെന്നു വാദിക്കേണ്ടിവരും..

## പള്ളികൾ വീതിച്ചാൽ പ്രശ്നങ്ങൾ തുടങ്ങുന്നു

ഹിതപരിശോധന നടത്തിയോ അല്ലാതെയോ പള്ളികൾ വീതിച്ചാൽ പ്രശ്നങ്ങൾ അവസാനിക്കും എന്നു കരുതിയാൽ അതു തെറ്റാണ്. യഥാർത്തത്തിൽ പ്രശ്നങ്ങൾ ആരംഭിക്കുന്നതേ ഉള്ളൂ. ഒരു പള്ളിയിലെ ഏതാനും ആൾക്കാർ പൗരോഹിത്യമില്ലാത്ത പെന്തക്കോസ്തു സഭകളിൽ പോയാൽ അവർക്കും വീതം കൊടുക്കേണ്ടതാണെന്നു വാദിക്കാം. അതല്ല ആൾക്കാർ പോകുന്നത് ഹിന്ദുമതത്തിലോ ഈസ്ലാം മതത്തിലോ ആണെങ്കിലും കൊടുക്കേണ്ടതാണെന്നു വാദിക്കാം.

അതു മാത്രമല്ല ഭൂരിപക്ഷം മതം മാറിയവർക്കാണെങ്കിൽ ഹിതപരിശോധന നടത്തി പള്ളികൾ ക്ഷേത്രങ്ങളും മോസ്കുകളും ആയോ തിരിച്ചോ മാറ്റണമെന്നു വാദിക്കാം. ഒരു രാഷ്ട്രീയ പാർട്ടിയിലെ കുറേ ആൾക്കാർ മറ്റൊരു പാർട്ടിയിൽ ചേർന്നാൽ അവിടെയും ഹിത പരിശോധനയും ഓഫീസുകളുടെ ഉടമസ്ഥാവകാശം മാറലുമൊക്കെ വാദിക്കാമെന്നു വരും. ഇതൊക്കെ സമൂഹത്തിൽ തെറ്റായ കീഴ്‌വഴക്കങ്ങളും വലിയ പ്രത്യാഘാതങ്ങളും സൃഷ്ടിക്കും.

## പാർലമെന്റും മലങ്കര അസ്സോസിയേഷനും

രാജ്യം എങ്ങിനെ ഭരിക്കണം എന്നും ആരു ഭരിക്കണം എന്നും ഒരു പാർലമെന്റു തീരുമാനിക്കുന്നതുപോലെ ഒരു ജനാധിപത്യ പാർലമെന്റായ മലങ്കര അസ്സോസിയേഷനാണ് മലങ്കര സഭകയിൽ ആത്മീയ മേലധ്യക്ഷന്മാരെയും സഭാ തലവനെയും തീരുമാനിക്കുന്നതും. പാർലമന്റ് ഒരു നിയമം പാസാക്കിയാൽ അതു രാജ്യമൊട്ടാകെ ബാധകമാണ് അതുപോലെ തന്നെ അസ്സോസ്സിയേഷന്റെ തീരുമാനം അംഗീകരിക്കാൻ സഭ മുഴുവൻ ബാധ്യസ്ഥമാണ്. അതിന് പള്ളി എന്നോ വ്യക്തി എന്നോ വേർതിരിവില്ല. ഇതിനെതിരായി വാദിച്ചാൽ പാർലമെന്റിന്റെ നിയമം ചിലർക്കു ബാധകമല്ല എന്നു വാദിക്കുന്നതിന് തുല്യമാണ്.

## സംസ്ഥാനങ്ങളുടെ മേൽ രാജ്യത്തിനുള്ള അവകാശം; പള്ളികളുടെമേൽ സഭകൾക്കും

കേരളത്തിലെ പകുതി ജനങ്ങൾ ഒരു വിദേശരാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചു എന്നിരിക്കട്ടെ പക്ഷേ അക്കാരണത്താൽ കേരളം ആ വിദേശരാജ്യത്തിന്റെ ഭാഗമാണെന്നോ കേരളത്തിന്റെ പകുതിക്ക് ആ വിദേശരാജ്യത്തിന് അവകാശമുണ്ട് എന്നോ വാദിച്ചാൽ ഭാരതത്തിന് അത് അംഗീകരിക്കുവാനാവില്ല കാരണം അത് തികച്ചും തെറ്റായ ഒരു വാദമാണ്.

അതുപോലെ തന്നെ ഒരു പള്ളിയിലെ കുറേ അംഗങ്ങൾ മറ്റൊരു സഭയുടെ അംഗത്വം സ്വീകരിച്ചു എന്ന കാരണത്താൽ ആ പള്ളി മറ്റൊരു സഭയുടെ ഭാഗമാണെന്നോ പള്ളിയിൽ മറ്റേ സഭയ്ക്ക് അവകാശമുണ്ട് എന്നോ വാദിക്കാനാവില്ല. അങ്ങിനെ ഒരു വാദമുയർത്തിയാൽ കേരളത്തിലെ ഏതാനും ജനങ്ങൾ ഒരു വിദേശരാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചു എന്ന കാരണത്താൽ കേരളത്തിന്മേൽ ആ വിദേശരാജ്യത്തിന് അവകാശമുണ്ട് എന്നോ കേരളം ആ വിദേശരാജ്യത്തിന്റെ ഭാഗമാണെന്നോ വാദിക്കുന്നതിന് തുല്യമാണ്.

## *രാജ്യം നിലനിൽക്കട്ടെ, സഭകളും*

രാജ്യത്തിനു പുറമേ നിന്നുള്ള ആക്രമണമോ, തീവ്രവാദമോ എന്തു തന്നെയായാലും രാജ്യത്തിന്റെ നിലനില്പിനു ഭീഷണിയാണ്. ഇതിനു കൂട്ടു നില്ക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും തെറ്റാണ് ഇതുപോലെതന്നെ സഭയെ ദുർബലപ്പെടുത്തുവാനും വിഘടിപ്പിക്കുവാനും ശ്രമിക്കുന്നതും തെറ്റു തന്നെയാണ്. അതു ചെയ്യുന്നതാരായാലും.ശക്തമായ സഭകൾ രാജ്യത്തിനും ശ്രേയസ്കരമാണ്.

അതുകൊണ്ട് കേരളവും പഞ്ചാബും കാഷ്മീരും ഹിമാചൽപ്രദേശും ആസ്സാമും ഒക്കെ ഉൾപ്പെട്ട നമ്മുടെ രാജ്യം അങ്ങിനെ തന്നെ നിലനിൽക്കട്ടെ. എല്ലാപള്ളികളും ഭദ്രാസനങ്ങളും ഉൾപ്പെടെ സഭകളും.

രാജ്യം ഒന്നായി ശക്തിയോടെ നിലനിൽക്കട്ടെ! സഭകളും!